ഹെക്ടറിന് 15,000 രൂപ സബ്സിഡി നിരക്കിൽ 4057.33 ഹെക്ടർ സ്ഥലത്ത് കൃഷി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ വിഷമയമില്ലാത്ത കറിവേപ്പ് വീടുകളിൽ തന്നെ ലഭ്യമാക്കുന്നതിന് സംസ്ഥാന ഹോൾട്ടികൾച്ചർ മിഷനും മലയാള മനോരമയും സംയുക്തമായി 2,90,000 കറിവേപ്പ് തൈകൾ കേരളത്തിലെ 14 ജില്ലകളിലും വിതരണം ചെയ്തു. ഇതോടൊപ്പം കൃഷി വകുപ്പിന്റെ "ജൈവ മാനവ മതിൽ" എന്ന പരിപാടിയിലൂടെ 10,000 കറിവേപ്പ് തൈകളും വിതരണം ചെയ്തു.

കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 2014-15 സാമ്പത്തിക വർഷം 82 ലക്ഷം പച്ചക്കറിത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. 'ഹരിത നഗരി' എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ സംസ്ഥാനത്ത് ജൈവകൃഷിക്ക് പ്രാധാന്യം നല്കുന്നതിനും പ്രാവർത്തികമാക്കുന്നതിനുമായി ജില്ലാതലത്തിൽ പ്രാദേശിക ഗ്രൂപ്പുകൾ ഉണ്ടാക്കുകയും അവരെക്കൊണ്ട് കൃഷി ചെയ്യിച്ച് ഈ കൃഷിയിടങ്ങളെ ജൈവകൃഷിയിടങ്ങളായി പ്രഖ്യാപിക്കുകയും ചെയ്യുന്ന PGS (Participatory Guarantee System) നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൗൺസിൽ ആരംഭിച്ചുകഴിഞ്ഞു.

(ബി) സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കാർഷിക ഫാമുകളിൽ പ്രധാനമായും വിത്തുല്പാദനത്തിനാണ് മുൻതൂക്കം നല്കുന്നത്. പ്രതിവർഷം 2 ടണ്ണോളം വിവിധയിനം പച്ചക്കറി വിത്തുകൾ ഫാമുകൾവഴി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. എങ്കിലും ഫാമിൽ ജൈവരീതിയിൽ പച്ചക്കറി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം നല്കി നടപ്പിലാക്കിവരുന്നു. ഈ ഓണക്കാലത്ത് 100 ഏക്കറിലധികം സ്ഥലത്ത് വിവിധ ഫാമുകളിലായി ജൈവരീതിയിൽ പച്ചക്കറി ഉല്പാദിപ്പിച്ച് വിതരണം നടത്തിയിരുന്നു.

(സി) ഫാമുകളിലെ ജീവനക്കാരെയും, തൊഴിലാളികളെയും ഉപയോഗിച്ച് ജൈവ പച്ചക്കറികൾ വ്യാപകമായി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മാമം നാളികേര കോംപ്ലക്സ്

151 (1622) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് ഇനിയും പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്നും ഇതിനായി ഏത് ഫണ്ടിൽ നിന്ന് എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും പ്രവർത്തനം എന്ന് പൂർണ്ണ സ്ഥിതിയിൽ എത്തുമെന്നും വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്ഥാപനം ഇറന്പ്രവർത്തിക്കുന്നതിന്റെ ഭാഗമായി പുതിയതായി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും ഇവരെ ഏത് തസ്തികകളിലാണ് നിയമിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ നിയന്ത്രണം ഇപ്പോൾ ആർക്കാണെന്നും മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ ആരാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് ഇറന്ന് പ്രവർത്തിക്കുന്നതിന്റെ ഭാഗമായി വെർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റ് സ്ഥാപിച്ച് പരീക്ഷണാടി സ്ഥാനത്തിൽ ഉല്പാദനം നടത്തിവരുന്നു. R.K.V.Y. പദ്ധതി പ്രകാരം ലഭിച്ച 2 കോടി രൂപ ഇതിനായി വിനിയോഗിച്ചിട്ടുണ്ട്. പ്രവർത്തനം എന്നത്തേക്ക് പൂർണ്ണ സ്ഥിതിയിലെത്തുമെന്ന കാര്യം ഇപ്പോൾ പറയുക പ്രയാസമാണ്.

(ബി) പ്രസ്തുത സ്ഥാപനം ഇറന്പ്രവർത്തിക്കുന്നതിന്റെ ഭാഗമായി പുതിയതായി ആരെയും സ്ഥിരമായി നിയമിച്ചിട്ടില്ല.

(സി) പ്രസ്തുത സ്ഥാപനത്തിന്റെ മേൽനോട്ടം തിരുവനന്തപുരത്തുള്ള നാളികേര വികസന കോർപ്പറേഷൻ രജിസ്റ്റേർഡ് ഓഫീസിന്റെ ചുമതലയുള്ള ജനറൽ മാനേജർക്കാണ്.

കോഴി വളർത്തൽ

152 (1623) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിവളർത്തൽ കൃഷിയായി അംഗീകരിക്കുകയും കോഴി വളർത്തുന്നവരെ കർഷകരായി പരിഗണിക്കുകയും ചെയ്തിട്ടുണ്ടോ; ഇതുസംബന്ധമായി ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കോഴി കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്നും എന്തെല്ലാം നൽകാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ആയത് ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 28-3-2015-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 59/15/കൃഷി പ്രകാരം അംഗീകരിച്ച സംസ്ഥാന കാർഷിക വികസന നയത്തിൽ കോഴിവളർത്തൽ കൃഷിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly